(ഇ) 24-2-2003- ലെ സർക്കാർ ഉത്തരവ് നമ്പർ 113/2003/ധന പ്രകാരം, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടുപിടിക്കുന്നതിന്റെ ഭാഗമായി, ധനകാര്യ പരിശോധനാ വിഭാഗം സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുകയും, വാഹന ദുരുപയോഗം ചെയ്തതായി കണ്ടുപിടിക്കപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അരയത്തിക്കടവ് തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള തുക

17 [1734] ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിൽ കോവിലകത്തും കടവ് കോൺവെന്റ് റോഡ്, കോൺവെന്റ് ബീച്ച് റോഡ് പാലം നിർമ്മാണം, ഗൗരീശ്വര ക്ഷേത്ര പരിസരത്തിന് കിഴക്ക് അരയത്തിക്കടവ് തോടിനുകുറുകെ പാലം നിർമ്മാണം എന്നീ പണികൾക്കാവശ്യമായ തുക 2005-06 ബഡ്ജറ്റിൽ ജലസേചന വകുപ്പിന്റെ ഹെഡ്ഡിൽ തുക വകയിരുത്തുന്നതിനു പകരം പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിൽ തെറ്റായി വകയിരുത്തിയതിനെ സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ തെറ്റ് തിരുത്തുന്നതിനാവശ്യമായ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ജലസേചന വകുപ്പിന്റെയും, ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസിന്റെയും റിപ്പോർട്ടുകൾ വരുത്തി പരിശോധിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

18 [1735] ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങളുടെ ഓഡിറ്റ് ആണ് നടത്തുന്നത് ;

(ബി) ത്രിതല പഞ്ചായത്തുകളിൽ 1994-നുശേഷം നടത്തിയ ഓഡിറ്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം വിവിധ സ്ഥാപനങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തിയ ശ്രദ്ധേയമായ വിവരങ്ങൾ സർക്കാർ മുഖേന റിപ്പോർട്ടാക്കി നിയമസഭയ്ക്ക് സമർപ്പിക്കാറുണ്ടോ ; എങ്കിൽ എത്ര വർഷത്തെ റിപ്പോർട്ടുകൾ നൽകി ;

(ഡി) ഇനി എത്ര വർഷത്തെ റിപ്പോർട്ടുകൾ നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തുന്ന സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. †

(ബി) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും 1995-96 വർഷം വരെയുള്ള കണക്കുകളിൻമേൽ അക്കൗണ്ട്സ് ലഭ്യമാക്കിയ മുറയ്ക്ക് സംക്ഷിപ്ത ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ 1996-97 മുതലുള്ള ഓഡിറ്റ് സംബന്ധമായ വിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. †

(സി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയ ശ്രദ്ധേയമായ വിവരങ്ങൾ ഉൾപ്പെടുത്തി 2002-03 വർഷം വരെയുള്ള സമാഹൃത റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ 2003-04 വർഷത്തെ റിപ്പോർട്ട് നൽകാനുണ്ട്.

ധനകാര്യ ഭരണവകുപ്പിന് കീഴിലുള്ള ജീവനക്കാർ

19 [1736] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. ജോസഫ് എം. പുതുശ്ശേരി :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഭരണ വകുപ്പിനുകീഴിൽ എത്ര വകുപ്പുകളുണ്ടെന്നും അവ ഓരോന്നിലെയും ആകെ ജീവനക്കാരെത്രയെന്നും അവയ്ക്കോരോന്നിനും എത്ര കാര്യാലയങ്ങൾ ഉണ്ടെന്നും വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കാര്യാലയങ്ങളിൽ എത്ര എണ്ണത്തിലെ ജീവനക്കാർക്ക് കാന്റീൻ സൗകര്യമുണ്ടെന്നും വെളിപ്പെടുത്തുമോ ?

---

† അനുബന്ധം-II (i + ii).

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
33	സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ (സായി) കേരളത്തിൽ അഞ്ച് പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. ഈ പരിശീലന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതാണ്.
34	എറണാകുളം ജില്ലയിൽ ഒരു നീന്തൽ കുളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.
35	തിരുവനന്തപുരത്തെ ഏവിയേഷൻ ട്രെയിനിംഗ് സെന്ററിന് ഒരു വിമാനം വാങ്ങാവുന്നതാണ്.
36	കായിക രംഗത്ത് പ്രോൽസാഹനം നൽകുന്നതിനായി മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതാണ്.
37	കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള 14 പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.
38	കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണി, ഗ്രാമീണ സ്ക്കൂളുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ പദ്ധതിക്ക് കേന്ദ്രസഹായത്തിനുള്ള അൻപതിലധികം പ്രൊപ്പോസലുകൾക്ക് കേന്ദ്രാനുമതിയ്ക്കായി നിലവിലുണ്ട്.

അനുബന്ധം II (i)

3-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 18(1735) കാണുക

അനുബന്ധം I

1. മുൻസിപ്പൽ കോർപ്പറേഷനുകൾ.
2. മുൻസിപ്പാലിറ്റികൾ.
3. ഗ്രാമപഞ്ചായത്തുകൾ.
4. ബ്ലോക്ക് പഞ്ചായത്തുകൾ.
5. ജില്ലാ പഞ്ചായത്തുകൾ.
6. സർവ്വകലാശാലകൾ.
7. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.
8. വികസന അതോറിറ്റികൾ.
9. ഹിന്ദു റിലീജിയസ് ചാറ്റിറ്റബിൾ എൻഡോവ്മെന്റ് ഭരണവകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങൾ.
10. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
11. സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണങ്ങളുടെ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട്.
12. മലബാർ മാർക്കറ്റ് കമ്മിറ്റി.
13. അനാഥാലയങ്ങളും പുവർഹോമുകളും.

LIBRARY ARCHIVES Kerala Legislative Assembly

14. കേരള സ്പോർട്സ് കൗൺസിലും അതിന്റെ ജില്ലാ യൂണിറ്റുകളും അനുബന്ധ സ്ഥാപനങ്ങളും.

15. കേരള സംസ്ഥാന ജവഹർ ബാലഭവനും ജില്ലാ ബാലഭവനുകളും

16. ഹരിജൻ ഹോസ്റ്റലുകൾ.

17. വഖഫ് ബോർഡ്.

18. കേരള ലളിതകലാ അക്കാഡമി.

19. കേരള സംഗീത അക്കാഡമി.

20. കേരള സാഹിത്യ അക്കാഡമി.

21. കേരള കലാമണ്ഡലം.

22. അനൗപചാരിക വിദ്യാഭ്യാസത്തിനും വികസനത്തിനും വേണ്ടിയുള്ള കേരള അസോസിയേഷൻ (കാൻഫെഡ്).

23. സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

24. സംസ്ഥാന ലൈബ്രറി കൗൺസിൽ/ജില്ല, താലൂക്ക്, ലൈബ്രറി യൂണിറ്റ്.

25. കേരള പ്രദേശ ഭാരത സേവക് സമാജ്.

26. ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ്.

27. കേരള ടി. ബി. അസോസിയേഷൻ.

28. സൊസൈറ്റി ഫോർ പ്രിവെൻഷൻ ഓഫ് ക്രുവെൽറ്റി റ്റു അനിമൽസ്.

29. തിരുകൊച്ചി മെഡിക്കൽ കൗൺസിൽ.

30. കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ.

31. കേരള ഫാർമസി കൗൺസിൽ.

32. കേരള ഡെന്റൽ കൗൺസിൽ.

33. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.

34. കെ. യു. ഡി. എഫ്. സി.

35. കെ. എച്ച്. ആർ. ഡബ്ളിയു. എസ്.

36. കേരള പോലീസ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ട്.

37. കേരള പോലീസ് സ്പോർട്സ് ഫണ്ട്.

38. കേരള സംസ്ഥാന മിലിറ്ററി ബനവലന്റ് ഫണ്ട്/ഫ്ളാഗ് ഡേ ഫണ്ട്.

39. സ്റ്റേറ്റ് കമ്മിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിലുള്ള സയന്റിഫിക്ക് റിസർച്ച് ഫണ്ടുകൾ.

2/2315/2013.

LIBRARY ARCHIVES Kerala Legislative Assembly

40. കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട്.
41. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി.
42. കേരള ഖാദി തൊഴിലാളി ക്ഷേമനിധി.
43. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി.
44. കേരള കയർ തൊഴിലാളി ക്ഷേമനിധി.
45. കേരള കെട്ടിട തൊഴിലാളി ക്ഷേമനിധി.
46. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി.
47. കള്ളു തൊഴിലാളി ക്ഷേമനിധി.
48. ലേബർ വെൽഫെയർ ഫണ്ട്.
49. കൈത്തറി തൊഴിലാളി ക്ഷേമനിധി.
50. കർഷക തൊഴിലാളി ക്ഷേമനിധി.
51. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി.
52. കേരള കശുവണ്ടി തൊഴിലാളി ദുരിതാശ്വാസ ക്ഷേമനിധി.
53. സബോർഡിനേറ്റ് കോടതികൾ
54. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ
55. ഗുരുവായൂർ ദേവസ്വം.
56. തിരുവിതാംകൂർ ദേവസ്വം ബോർഡ്.
57. കൊച്ചിൻ ദേവസ്വം ബോർഡ്.
58. ശിശുക്ഷേമ സമിതി.
59. ധന്വന്തരി കേന്ദ്രങ്ങൾ.
60. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ.
61. ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി.
62. ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി.
63. കേരള സ്റ്റേറ്റ് ഫിലിം അക്കാഡമി.
64. എസ്. എ. റ്റി. ഹോസ്പിറ്റൽ സൊസൈറ്റി, തിരുവനന്തപുരം.
65. കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.
66. സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്.
67. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസ്, മെഡിക്കൽ കോളേജ്, ആലപ്പുഴ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (ii)

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 18 (1735) കാണുക]

1. *ഗ്രാമപഞ്ചായത്തുകൾ*

വർഷം	ആകെ	കണക്കുകൾ ലഭിച്ചത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചത്
1996-1997	990	870	861	836
1997-1998	,,	802	795	769
1998-1999	,,	783	774	726
1999-2000	,,	779	749	648
2000-2001	991	714	639	401
2001-2002	,,	596	492	207
2002-2003	,,	398	210	101
2003-2004	,,	129	27	..

2. *ബ്ലോക്ക് പഞ്ചായത്തുകൾ* (ആകെ 152)

വർഷം	കണക്കുകൾ ലഭിച്ചത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചത്
1996-1997	140	140	140
1997-1998	139	139	138
1998-1999	119	117	115
1999-2000	109	105	92
2000-2001	101	92	63
2001-2002	63	54	20
2002-2003	53	24	7
2003-2004	49	3	..

2. *ജില്ലാ പഞ്ചായത്തുകൾ* (ആകെ 14)

വർഷം	കണക്കുകൾ ലഭിച്ചത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചത്
1996-1997	13	13	13
1997-1998	12	12	12
1998-1999	13	13	13
1999-2000	13	13	9
2000-2001	10	10	2
2001-2002	9	7	1
2002-2003	4	..	..
2003-2004	2	..	..

LIBRARY ARCHIVES Kerala Legislative Assembly